**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 389** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ജയിലുകളിലെ സൗകര്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ഫിറോസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ജയിലുകളിൽ അംഗീകൃത പാർപ്പിട ശേഷിയേക്കാൾ കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കേരളത്തിലെ ജയിലുകളിലെ ആകെ അംഗീകൃത പാർപ്പിടശേഷി 7877 ആണ്. എന്നാൽ 15/06/2026 തീയതിയിലെ കണക്ക് പ്രകാരം 9684 തടവുകാരെ കേരളത്തിലെ വിവിധ ജയിലുകളിലായി പാർപ്പിച്ചിട്ടുണ്ട്.

**(ബി)** തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ജയിലുകളിൽ സൗകര്യം വർദ്ധിപ്പിച്ചു നൽകാറുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ജയിലുകളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ജയിൽ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ജയിലുകളിൽ പാർപ്പിടശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

**(സി)** തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** അന്തേവാസികളുടെ നേരിട്ടുള്ള മേൽനോട്ട ചുമതലയുള്ള അസിസ്റ്റന്റ് പ്രിസൺ ഓഫീസർ / ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിലായി ആകെ 1,756 തസ്തികകളാണ് നിലവിലുള്ളത്. എൻട്രി കേഡർ തസ്തികയായ അസി. പ്രിസൺ ഓഫീസർ തസ്തികയിൽ നിലവിൽ 50-ൽ താഴെ ഒഴിവുകൾ മാത്രമാണുള്ളത്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ ഈ ഒഴിവുകളിലേക്ക് സമയബന്ധിതമായി നിയമന ശിപാർശകൾ നടന്നു വരുന്നുണ്ട്.

പുതുതായി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ അടിസ്ഥാന പരിശീലനത്തിന് പോകുമ്പോഴും, മറ്റ് വകുപ്പുകളിലേക്ക് വിട്ടുതൽ ചെയ്ത് പോകുമ്പോഴും ഉണ്ടാകുന്ന ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി KEXCON (കേരള സ്റ്റേറ്റ് എക്സ്-സർവീസ്മെൻ കോർപ്പറേഷൻ) മുഖേന താല്ക്കാലിക സുരക്ഷാ ജീവനക്കാരെ നിയോഗിച്ച് സുരക്ഷാ മേൽനോട്ടം ഉറപ്പുവരുത്തുന്നുണ്ട്. ജീവനക്കാരുടെ കുറവുള്ള ജയിൽ സ്ഥാപനങ്ങളിൽ ദൈനംദിന സുരക്ഷാ പ്രവർത്തനങ്ങൾ

തടസ്സപ്പെടാതിരിക്കാൻ നിലവിലുള്ള ജീവനക്കാരെ പ്രത്യേക ക്രമീകരണങ്ങളിലൂടെ അധിക ഡ്യൂട്ടിക്ക് (Overtime) നിയോഗിച്ചുവരുന്നുണ്ട്.

സ.ഉ(അച്ചടി) 196/2025/ആഭ്യന്തരം, തീയതി 10.10.2025 പ്രകാരം ആലപ്പുഴ സബ് ജയിൽ ആരംഭിക്കുന്നതിനായി 24 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അട്ടക്കുളങ്ങര വനിതാ ജയിൽ പൂജപ്പുര സെൻട്രൽ ജയിൽ കോംപ്ലക്സിലേക്ക് മാറ്റി, അട്ടക്കുളങ്ങരയിൽ പുരുഷ തടവുകാർക്കായി താൽക്കാലിക സ്പെഷ്യൽ സബ് ജയിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി സ.ഉ.(അച്ചടി) 195/2025/ആഭ്യന്തരം, തീയതി 10.10.2025 പ്രകാരം 35 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ജയിലുകളിൽ വിവിധ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനം നടത്തിവരുന്നു.

**(ഡി)** ജയിലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സുരക്ഷാ സംവിധാനം ശക്തമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**മറുപടി:** ജയിലുകളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

ജയിൽ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി ജയിലുകളിൽ പവർ ഫെൻസിംഗ്, CCTV സംവിധാനം എന്നിവ ഉൾപ്പെടെയുള്ള വിവിധ ആധുനിക സുരക്ഷാ സംവിധാനങ്ങളും, ഹാൻഡ്-ഹെൽഡ് മെറ്റൽ ഡിറ്റക്ടറുകൾ (HHMD), ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടറുകൾ (DFMD), ബോഡി-വോൺ ക്യാമറകൾ, എക്സ്-റേ ബാഗേജ് സ്കാനറുകൾ തുടങ്ങിയ ആധുനിക സുരക്ഷാ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, കോടതികളെയും ജയിലുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ജയിൽ സുരക്ഷ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വിവിധ ജയിലുകളിൽ പവർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ജയിൽ സ്ഥാപങ്ങൾ എല്ലാം തന്നെ പ്രത്യേക സുരക്ഷ മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം I**

സംസ്ഥാനത്ത് 58 ജയിലുകളിലായി 7877 അന്തേവാസികളെ പാർപ്പിക്കുവാനുള്ള സൗകര്യം നിലവിലുണ്ട്. എന്നാൽ ചില ജയിലുകളിൽ അന്തേവാസികളുടെ എണ്ണം അംഗീകൃതശേഷിയേക്കാൾ കൂടുതലാണ്. ആയതിനാൽ കൂടുതൽ ജയിൽ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള ജയിൽ സ്ഥാപനങ്ങളിൽ പാർപ്പിടശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വീകരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**1. പുതുതായി പ്രവർത്തനം ആരംഭിച്ച ജയിലുകളുടെ വിവരം**

| ക്രമ നമ്പർ | ജില്ല | വിശദ വിവരം |
|---|---|---|
| 1 | ആലപ്പുഴ | ആലപ്പുഴ ജില്ലയിലെ പഴയ ജില്ലാ ജയിൽ പുതുക്കി പണിത് 2026 മാർച്ച് മാസത്തിൽ ഒരു പുതിയ സബ് ജയിലായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**2. ജയിൽ വകുപ്പിൽ പുതുതായി നിർമ്മാണം നടന്നുവരുന്ന ജയിലുകളുടെ വിവരം**

| ക്രമ നമ്പർ | ജയിലിന്റെ പേര് | ജില്ല | അനുവദിച്ച തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | സബ് ജയിൽ, തളിപ്പറമ്പ് (8.47 ഏക്കർ, അംഗീകൃത ശേഷി 300 തടവുകാർ) | കണ്ണൂർ | 7.75 കോടി രൂപ ഒന്നാം ഘട്ടം,<br>3.28 കോടി രൂപ രണ്ടാം ഘട്ടം. | ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 2 | റൂറൽ ജില്ലാ ജയിൽ, വടകര (60 cents) | കോഴിക്കോട് | 2,32,18,000/- | ചുറ്റുമതിലും ഗേറ്റും അനുബന്ധ<br>പ്രവൃത്തികളും നടന്നു വരുന്നു |
| 3 | സ്പെഷ്യൽ സബ് ജയിൽ മണ്ണാർക്കാട് (4 ഏക്കർ) | പാലക്കാട് | PWD യിൽ നിന്നും 58 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. | 1.48 കോടി രൂപ ചെലവിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| 4 | ജില്ലാ ജയിൽ പത്തനംതിട്ട (പുനർ നിർമ്മാണം) | പത്തനം തിട്ട | ആദ്യ ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലേക്കായി 6.91 കോടി രൂപ വകയിരുത്തി ഭരണാനുമതി | രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾ 11/11/2024 ന് ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. | |

<u>3. നിലവിലെ ജയിൽ സ്ഥാപനങ്ങളിൽ കൂടുതൽ ബ്ലോക്കുകൾ നിർമ്മിക്കുന്നതും, സെല്ലുകൾ നവീകരിക്കുന്നതുമായ പ്രവർത്തികളുടെ വിവരം</u>

പീരുമേട് സബ് ജയിലിൽ പുതിയ ബ്ലോക്ക് നിർമ്മാണത്തിനായി രണ്ട് കോടി രൂപ 2019-20 വാർഷിക പദ്ധതിയിൽ നിന്നും അനുവദിച്ചു. അനുവദിച്ച തുകയ്ക്കുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ക്കായി 1. 7 0 ലക്ഷം രൂപയുടെ ഭരണാനുമതി 2 0 2 5 - 2 6 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

മാവേലിക്കര സ്പെഷ്യൽ സബ് ജയിലിൽ പൊതുമരാമത്ത് വകുപ്പിന്റെ തനതു ഫണ്ട് വിനിയോഗിച്ച് പുതിയ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. തടവുകാരെ പാർപ്പിക്കുന്നതിനുള്ള പുതിയ ബ്ലോക്കിന്റെ നിർമ്മാണം, വനിതാ ബ്ലോക്കിൽ പുതിയ സെല്ലുകളുടെ നിർമ്മാണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സെല്ല്ുകളിൽ കൂടുതൽ സ്ഥല ലഭ്യത വരുത്തി പാർപ്പിടശേഷി വർദ്ധിപ്പിക്കുന്നതിനായി അന്തേവാസികളുടെ ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിന് റാക്കുകളോ മറ്റ് സംവിധാനങ്ങളോ ഉണ്ടാക്കുന്ന പ്രവൃത്തി വിയ്യൂർ സെൻട്രൽ പ്രിസണിൽ പരീക്ഷണാർത്ഥം നടപ്പിലാക്കുകയും തുടർന്ന് 24 ബാരക്കുകളിലും തട്ടുകൾ സ്ഥാപിച്ച് നിലത്ത് സ്ഥലം ലഭ്യമാക്കുന്നതിനായി കാന്റീൻ ലാഭത്തിൽ നിന്ന് 5,47,200/- രൂപ 2025 ൽ അനുവദിക്കുകയും 2 4 ബാരക്കുകളിലും ഇത്തരത്തിൽ റാക്കുകൾ ഉണ്ടാക്കി പാർപ്പിടശേഷി കൂട്ടിയിട്ടുള്ളതാണ്. ഇത് പ്രകാരം 4 8 തടവുകാരെ അധികമായി പാർപ്പിച്ചുവരുന്നു. അന്തേവാസികളുടെ സേവനം വിനിയോഗിച്ച് മറ്റ് ജയിലുകളിലും ഇത്തരത്തിൽ സ്ഥല സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

കണ്ണൂർ സെൻട്രൽ പ്രിസണിലെ 8, 9 ബ്ലോക്കുകളാണ് നിലവിൽ പശുതൊഴുത്തായും ചാണകം സൂക്ഷിക്കുന്നതിനായും ഉപയോഗിച്ച് വരുന്നത്. എട്ടാം ബ്ലോക്ക് അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും 5 5 . 3 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2 0 2 6 - 2 7 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. 9ാം ബ്ലോക്ക് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി സാമഗ്രികൾ സ്ഥാപിച്ചിരുന്ന പതിനൊന്നാം ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ ടി ജയിലിലെ ക്യാന്റീൻ ഫണ്ട് വിനിയോഗിച്ച് അന്തേവാസികളുടെ സഹായത്തോടെ പൂർ ത്തീകരിച്ചു നിലവിൽ 5 0 ഓളം അന്തേവാസികളെ പാർപ്പിച്ച് വരുന്നു.

വിയ്യൂർ സെൻട്രൽ ജയിലിലെ ആശുപത്രി കെട്ടിടത്തിന് പുറകുവശത്തുള്ള കെട്ടിടം അന്തേവാസികളുടെ സേവനം പ്രയോജനപ്പെടുത്തി റിപ്പയർ ചെയ്യുന്ന പ്രവൃത്തിയ്ക്കായി പ്രിസൺ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും 89,635/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് തടവുകാരെ പാർപ്പിച്ചുവരുന്നു.

വിയ്യൂർ സെൻട്രൽ ജയിലിലെ H ബ്ലോക്കിലെ 9ാം നമ്പർ സെല്ലിന്റെ സീംലിംഗ് അറ്റകുറ്റപ്പണികൾ തടവുകാരുടെ സേവനം പ്രയോജനപ്പെടുത്തി പ്രിസൺ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും 64,180/- രൂപ വിനിയോഗിച്ച് പൂർത്തീകരിച്ച് തടവുകാരെ പാർപ്പിച്ചുവരുന്നു.

വൈത്തിരി സ്പെഷ്യൽ സബ് ജയിലിലെ പഴയ വനിതാ ബ്ലോക്ക് നവീകരിച്ച് പുരുഷ തടവുകാരെ പാർ പ്പിക്കുന്നതിനായി 1 9 ലക്ഷം രൂപ 2 0 2 5 - 2 6 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

മട്ടാഞ്ചേരി സബ് ജയിലിലെ സെല്ലുകളുടെ നവീകരണ പ്രവൃത്തികൾക്കായി 3.77 ലക്ഷം രൂപ പ്രിസൺ

ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിലെ നിലവിലുള്ള ഇന്റർവ്യൂ റൂം സെല്ലാക്കി മാറ്റി കൂടുതൽ തടവുകാരെ പാർപ്പിക്കുന്നതിനായി 2.43 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കുകയും തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചാൽ 10 തടവുകാരെ ഇവിടെ പാർപ്പിക്കാൻ കഴിയുന്നതാണ്.

കണ്ണൂർ വിമെൻ പ്രിസൺ & കറക്ഷണൽ ഹോമിൽ നാല് സിംഗിൾ സെല്ലുകൾ നിർമ്മിക്കുന്നതിനായി 3 5 ലക്ഷം രൂപ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ പുരോഗമിയ്ക്കുന്നു. കണ്ണൂർ സ്പെഷ്യൽ സബ് ജയിലിൽ സിംഗിൾ സെല്ലുകൾ നിർ മ്മിക്കുന്നതിനായി 6 3 ലക്ഷം രൂപ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.